പ്രസ്സ് റിലീസ് PRESS RELEASE

ഭാരതീയ റിസർവ് ബാങ്ക്
RESERVE BANK OF INDIA

വെബ്സൈറ്റ് : www.rbi.org.in/hindi
Website : www.rbi.org.in
ഇ-മെയിൽ : helpdoc@rbi.org.in

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001
DEPARTMENT OF COMMUNICATION, Central Office, S.B.S. Marg, Mumbai - 400 001
Phone : 91 22 2266 0502 Fax : 91 22 22660358

ജനുവരി 25, 2019

**അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്,**

**സീതാപൂർ (യു.പി.)ക്ക് പിഴ ചുമത്തി**

ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949-ലെ സെക്ഷൻ 46(4)നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 47എ(1)(സി)യിലെ വ്യവസ്ഥകൾ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായവ) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട് ഭാരതീയ റിസർവ് ബാങ്ക്, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, സീതാപൂർ (യു.പി.)ക്ക് 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) യുടെ ഒരു ധനപരമായ പിഴചുമത്തിയിരിക്കുന്നു. പ്രൈമറി (അർബൻ) കോ-ഓപ്പറേറ്റീവ് ബാങ്കുകൾ നടത്തുന്ന നിക്ഷേപം, 2016ലെ നിങ്ങളുടെ ഇടപാടുകാരനെ അറിയുക (കെ.വൈ.സി.) മാർഗ നിർദ്ദേശം, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ അംഗത്വം, ഇൻകം റെക്കഗ്നിഷൻ, അസറ്റ് ക്ലാസിഫിക്കേഷൻ, പ്രൊവിഷനിങ്, മറ്റ് ബന്ധപ്പെട്ട വിഷയങ്ങൾ - യുസിബികൾ എന്നിവയെ ക്കുറിച്ച് ആർബിഐ നൽകിയിരുന്ന നിർദ്ദേശങ്ങൾ/മാർഗ്ഗ നിർദ്ദേശരേഖകൾ ലംഘിച്ചതി നാണ് ഈ നടപടി.

ബാങ്കിന് ഭാരതീയ റിസർവ് ബാങ്ക് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതിന് പ്രതികരണമായി ബാങ്ക് രേഖാമൂലം ഒരു മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. കാര്യത്തിലെ വസ്തുതകൾ പരിഗണിച്ച ശേഷം, ലംഘനങ്ങൾ

സ്ഥിരീകരിക്കപ്പെടുകയാണെന്നും പിഴചുമത്തൽ ന്യായീകരിക്കാവുന്നതുമാണെന്ന തീരുമാനത്തിൽ റിസർവ് ബാങ്ക് എത്തിച്ചേരുകയാണുണ്ടായത്.

**ഷൈലജ സിംഗ്**

ഡെപ്യൂട്ടി ജനറൽ മാനേജർ

**പ്രസ്സ് റിലീസ്: 2018-2019/1751**